ശ്രീ. തച്ചടി പ്രഭാകരൻ: കെ. എഫ്. സി.യെക്കുറിച്ച് ഒരുപാടാക്ഷേപങ്ങൾ ഞാൻ മന്ത്രിയാകുന്നതിനു മുമ്പ് കേട്ടിട്ടുണ്ട്. ഇപ്പോൾ ഗവൺമെന്റിനു മുമ്പിൽ അങ്ങനെ ഒരു പരാതിയുമില്ല. ഏതെങ്കിലും പ്രത്യേകമായ പരാതി ഗവൺമെന്റിനെ അറിയിച്ചാൽ കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ: എം. എൽ. എ. മാരുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനുവേണ്ടി കെ.എഫ്.സി. വഴി അവർക്ക് വാഹനം വാങ്ങാൻ കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: വായ്പ, എം.എൽ.എ. മാരെന്നുള്ള വ്യത്യാസമില്ലാതെ യോഗ്യതയുള്ള എല്ലാ ആളുകൾക്കും കൊടുക്കുന്നതാണ്. പലിശയുടെ കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്.

അരി മൊത്തവ്യാപാര ഷോപ്പുകൾ ഏറെടുത്തു നടത്തുന്നതിന് ലഭിച്ച അപേക്ഷകൾ

* 49 [49] ശ്രീ. വി. കെ. രാജൻ:
,, കെ. പി. പ്രഭാകരൻ:
ഡോക്ടർ എ. സുബ്ബറാവു:
ശ്രീ. കെ. വി. സുരേന്ദ്രനാഥ്:
,, കെ. ടി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഫ്. സി. ഐ. യുടെ കീഴിലുണ്ടായിരുന്ന അരി മൊത്തവ്യാപാര ഷോപ്പുകൾ ഏറെടുത്തു നടത്തുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) അപേക്ഷകൾ പരിഗണിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ സഹകരണ സ്ഥാപനങ്ങൾക്ക് മുൻഗണന നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ):

(എ) 530 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) കേരളാ റേഷനിംഗ് ഓർഡർ 51-ാം ഖണ്ഡിക അനുസരിച്ചുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് ജില്ലാ കളക്ടർമാർ അപേക്ഷകൾ പരിഗണിക്കുന്നത്.

(സി) അപേക്ഷകരുടെ യോഗ്യതകൾ തുല്യമാണെങ്കിൽ സഹകരണ സ്ഥാപനങ്ങൾക്ക് മുൻഗണന നൽകാവുന്നതാണ്.

ശ്രീ. വി. കെ. രാജൻ: സർ, 530 അപേക്ഷകൾ ലഭിച്ചു എന്നു പറഞ്ഞു. എത്ര റേഷൻകടകളാണ് നടത്തുന്നതെന്ന് വ്യക്തമായില്ല. അതിൽത്തന്നെ ഏതോ ഒരു ഖണ്ഡിക വായിച്ചു. അതിന്റെ മാനദണ്ഡത്തിന്റെ വിശദീകരണം തരണം. ഈ രണ്ടു കാര്യങ്ങളാണ് എനിക്കറിയേണ്ടത്. അതുപോലെ സഹകരണ സ്ഥാപനങ്ങൾക്ക് മുൻഗണന കൊടുക്കുമെന്നു പറഞ്ഞു. അതായത് അപേക്ഷകരുടെ കാര്യത്തിൽ അതിൽ എഴുതിയിട്ടുള്ളതനുസരിച്ച് മുൻഗണന കൊടുക്കുമെന്നാണ്. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനങ്ങളെ വളരെ വിപുലമായി ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നു. എത്ര സംഖ്യ വേണമെങ്കിലും സഹകരണ സ്ഥാപനങ്ങൾക്ക് നൽകാൻ ജില്ലാ സഹകരണ ബാങ്കുകളെ, ഇവയെല്ലാം റെഡിയായിരിക്കുകയാണ്. ആ സാഹചര്യത്തിൽ സഹകരണ സ്ഥാപനങ്ങൾക്കുമാത്രം നൽകുകയെന്ന നയത്തിൽ ഗവൺമെൻറ് ഉറച്ച് നിൽക്കുമോ?

ശ്രീ. യു. എ. ബീരാൻ: സർ, ആകെ പത്തു ജില്ലകളിലായി 94 ഡിപ്പോകളെ ആണ് നൽകാൻ ഉദ്ദേശിക്കുന്നത്. ഈ 94 ഡിപ്പോകൾക്കുവേണ്ടി 530 അപേക്ഷകളെ ലഭിച്ചുവെന്ന് ഞാൻ പറഞ്ഞു. അതിൽ 49 അപേക്ഷകളെ സഹകരണ സ്ഥാപനങ്ങളിൽനിന്നാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ആവശ്യപ്പെട്ടതുപോലെ ഈ സഹകരണ സംഘങ്ങളുടെ അപേക്ഷകളെ മറ്റു അപേക്ഷകളുമായി താരതമ്യപ്പെടുത്തി അത് തുല്യമാണെങ്കിൽ ആ അപേക്ഷകൾക്ക് മുൻഗണന നൽകാവുന്നതാണ്. അതാണ് നിയമം. അതനുസരിച്ച് ചെയ്യാവുന്നതാണ്. പിന്നെ അദ്ദേഹം ചോദിച്ചത് കേരള റേഷനിംഗ് ഓർഡർ 51-ാം ഖണ്ഡികയിലെ മാനദണ്ഡങ്ങളെക്കുറിച്ചാണ്. അതനുസരിച്ചാണ് ജില്ലാ കളക്ടർമാർ അപേക്ഷകളെ പരിഗണിക്കുന്നതെന്ന് ഞാൻ പറഞ്ഞു. കേരളാ റേഷനിംഗ് ഓർഡർ 51-ാം ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങളെ അതായത് കേരള റേഷനിംഗ് ഓർഡർ 51 (2)-ൽ നിഷ്കർഷിച്ചിട്ടുള്ളതുപോലെ അപേക്ഷാ ഫാറങ്ങളെ അപേക്ഷകർ കളക്ടർക്ക് നൽകേണ്ടതാണ്. അതാണ് ഒന്ന്, രണ്ടാമത്, അപേക്ഷകൻ സ്ഥലവാസിയായിരിക്കണം. മൂന്നാമത് അപേക്ഷകന് എഴുത്തും വായനയും അറിഞ്ഞിരിക്കണം. അപേക്ഷകന് അരി വ്യാപാരത്തിൽ പരിചയമുണ്ടായിരിക്കണം. അതിനു പുറമെ ഈ അപേക്ഷകന് സാമ്പത്തികമായിട്ടുള്ള സ്റ്റെബിലിറ്റി ഉണ്ടായിരിക്കണമെന്നുള്ളതിന് സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കണം. ചുരുങ്ങിയത് രണ്ട് ലക്ഷം രൂപയുടെ സോൾവൻസി സർട്ടിഫിക്കറ്റെങ്കിലും ഹാജരാക്കണം. സ്വന്തമായ സാമ്പത്തികശേഷിയുള്ള ആളാണെങ്കിൽ സ്വന്തമായുള്ള അസ്സൽ സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കാം. അതല്ലെങ്കിൽ മറ്റൊരാളുടെ സാമ്പത്തിക കഴിവ് ഇയാൾക്ക് സഹായമായി നിൽക്കുമെന്ന് ഉറപ്പുണ്ടെങ്കിൽ ആ ആളുടെ സോൾവൻസി സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്. അതുപോലെ അപേക്ഷകന് ആ പ്രദേശത്ത് എവിടെയാണ് ഹെഡ് കാർട്ടേഴ്സായി നിശ്ചയിച്ചിട്ടുള്ളത് അവിടെ അതിനാവശ്യമായിട്ടുള്ള ഗോഡൗൺ ഉണ്ടായിരിക്കണം. ഗോഡൗണിൽ 100 ടൺ മുതൽ 150 ടൺ വരെ ഭക്ഷ്യധാന്യങ്ങളെ സ്റ്റോറാക്ക് ചെയ്യാനുള്ള സൗകര്യമുണ്ടായിരിക്കണം. പിന്നെ മുദ്രക്കടലാസിൽ അപേക്ഷകളെ സമർപ്പിക്കണം. ഇതെല്ലാമാണ് കേരളാ റേഷനിംഗ് ഓർഡറിൽ 51-ാം ഖണ്ഡികയിൽ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങളെ. ഈ മാനദണ്ഡങ്ങളെ അനുസരിച്ചാണ് ജില്ലാ കളക്ടർമാർ പത്തു ജില്ലകളിൽ അപേക്ഷകളെ ക്ഷണിച്ചിട്ടുള്ളത്. അതനുസരിച്ചാണ് ഇപ്പോൾ 530 അപേക്ഷകളെ ലഭിച്ചിട്ടുള്ളത്. അത് ഞാൻ ആദ്യം പറഞ്ഞതുപോലെ 49 അപേക്ഷകളെ സഹകരണസംഘങ്ങളിൽ നിന്നാണ്.

ശ്രീ. കെ. പി. പ്രഭാകരൻ; സർ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുത്തു നടത്താൻ എന്താണ് തടസ്സം?

ശ്രീ. യു. എ. ബീരാൻ: സിവിൽ സപ്ലൈസ് കോർപ്പറേഷനോട് ഇതു നടത്താൻ കഴിയുമോയെന്ന് ആവശ്യപ്പെട്ടിരുന്നു. അതുപോലെ കേരളാ സ്റ്റോറേഴ്സ് കണസ്യൂമർ ഫെഡറേഷനോട് ഇത് നടത്താൻ കഴിയുമോയെന്ന് എന്റെ മുൻഗാമിയായിരുന്ന ഭക്ഷ്യകാര്യമന്ത്രി ശ്രീ. ചന്ദ്രശേഖരൻ നായർ ആവശ്യപ്പെട്ടിരുന്നു. അതിന്റെ ഫയലുകളെ ഇവിടെയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അവർ സാദ്ധ്യമല്ലെന്നു പറഞ്ഞിരിക്കുകയാണ്. അത് പ്രത്യേകിച്ചും മി. പ്രഭാകരൻ ചോദിച്ചതുപോലെ, സിവിൽ സപ്ലൈസ് കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം അരിയുടെ കച്ചവടം വേറെ നടത്തുന്നുണ്ട്. അപ്പോൾ അരിക്കച്ചവടം ചെയ്യുന്നവർക്ക് ഇത് നടത്താനുള്ള അർഹത നിയമപ്രകാരമില്ല. രണ്ടാമത്, ഇപ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഒരു പുതിയ നിർദ്ദേശം വച്ചു. ഡയാക്ട് ഡെലിവറി. അത് പ്രായോഗികമായിട്ട് സാദ്ധ്യമല്ലെന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ പറഞ്ഞിട്ടുണ്ട്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ഈ വർഷത്തെ കേരള ബഡ്ജറിനെപ്പറ്റിയുള്ള വിവാദം

*50 [50] ശ്രീ. പി. സി. ജോർജ്ജ്:

,, വി. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ കേരളാ ബഡ്ജറ് മിച്ചമാണെന്നും അല്ലെന്നുമുള്ള വിവാദം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർഷങ്ങളായി കമ്മിബഡ്ജറുള്ള കേരളത്തിൽ മിച്ച ബഡ്ജറ് ഉണ്ടാക്കുന്നതിനുള്ള സാഹചര്യം വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേന്ദ്രത്തിൽ നിന്നുള്ള ധനസഹായത്തിലുള്ള വർദ്ധനവ് സംസ്ഥാന നികുതി പിരിവിലുണ്ടായ വർദ്ധനവ് ചിലവുകളിൽ വരുത്തിയ കർശനനിയന്ത്രണം ഇവയാണ് മിച്ചമുണ്ടായതിനുള്ള കാരണങ്ങൾ.

1986-87-ലെ കേരള ബഡ്ജറ്

*51 [51] ശ്രീ. പി. കുമാരൻ:

,, കെ. കെ. ബാലകൃഷ്ണൻ

ശ്രീമതി കെ. ആർ. ഗൗരി:

ശ്രീ. ലോനപ്പൻ നമ്പാടൻ:

,, ശ്രീ. എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986-87 ലേക്കുള്ള കേരള ബഡ്ജറ് യഥാർത്ഥത്തിൽ കമ്മിബഡ്ജറ് ആണെന്ന് കേന്ദ്ര ധനകാര്യ സഹമന്ത്രി ലോകസഭയിലും രാജ്യസഭയിലും രേഖാമൂലം നൽകിയ ഉത്തരങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly